(ബി) മൊത്തം അനുമുഖേന വരവ് എത്ര;

(സി) സ്പെഷ്യൽ ബസ്സുകൾ ഓടുന്നതിനുവേണ്ടി സാധാരണയിൽ കൂടുതലായി വല്ല ചെലവും ഉണ്ടായിട്ടുണ്ടെങ്കിൽ അതെത്ര എത്ര;

(ഡി) സ്പെഷ്യൽ ബസ്സുകൾ ഓടിയതു കാരണമായി വല്ല റൂട്ടിലും സാധാരണ ട്രിപ്പുകൾ മുടക്കിയിട്ടുണ്ടോ;

(ഈ) ഉണ്ടെങ്കിൽ ഏവിടെയൊക്കെ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) 151 ബസ്സുകൾ.

(ബി) 8,53,266.11 കി.

(സി) താൽക്കാലികമായി തിട്ടപ്പെടുത്തിയ കണക്കു് 65,993 രൂ. 40 നയാപൈസ.

(ഡി) ഉണ്ടു്.

(ഈ) തിരുവനന്തപുരം സിറ്റി സർവ്വീസിൽ രണ്ടു ദിവസത്തേയ്ക്കു കുറവു വരുത്തുകയുണ്ടായി.

ശ്രീ. പി. ഗോപാലൻ: കണ്ണൂർ—എറണാകുളം ബസ്സു് പതിവായി ഓടിക്കൊണ്ടിരുന്നതു് മുടക്കുകയുണ്ടായി. കാരണം ചോദിച്ചപ്പോൾ ശബരിമലയ്ക്കു് പോകുന്നതിനുവേണ്ടി മുടക്കിയതായിട്ടാണു് അറിയാൻ ഇടയായതു്. അതിൽ വല്ല യാഥാർത്ഥ്യവുമുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ: കിട്ടിയ കണക്കനുസരിച്ചു് വളരെ തിരക്കായതുകൊണ്ടു് ശബരിമല തീർത്ഥാടകരെ കൊണ്ടുപോകുന്നതിനു് സിറ്റിയിൽ ചില ട്രിപ്പുകൾ മുടക്കിയതായിട്ടേ കാണുന്നുള്ളു. മറ്റു റൂട്ടുകളിലൊന്നും കുറവു വരുത്താൻ ന്യായമില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: തിരുവനന്തപുരം—മൂഴിയാർ വഴിയും, ചെങ്ങന്നൂർ—മൂഴിയാർ വഴിയും ശബരിമലയ്ക്കു സർവ്വീസു നടത്തിയതായി അറിയാമോ?

ശ്രീ. കെ. ടി. അച്യുതൻ: അതു ടെമ്പററി പെർമിറ്റു വാങ്ങി സർവ്വീസു് നടത്തിയതായിരിക്കും.

Economy Unit

* 581. [23] † Shri **K. Chandrasekharan:** Will the Chief Minister be pleased to state:

(a) whether an economy unit under an Economy Officer has been established in the Secretariat;

(b) what is the annual expenditure of the above;

(c) is an Organisation and Methods division functioning in the Secretariat with an Under Secretary at the top of it; and

(d) is not the main function of the O & M division to report on economy and retrenchment proposals?

Chief Minister (*Shri R. Sankar*):

(a) A small staff has been assisting the Second Member, Board of Revenue, who has been functioning as Special Officer to report on economy measures.

(b) About Rs. 16,800 per annum.

† Put by Shri P. Viswambharan.

LIBRARY ARCHIVES Kerala Legislative Assembly

(c) The O & M Division was previously under the immediate control of an Under Secretary. The Division is at present under the control of the Secretary, Public Department, who has been designated as Ex-Officio Director, O & M Division.

(d) The work of the O & M Division is part of the entire Governmental effort at improvement. It is a service function designed to stimulate administrative improvements. The work of the Division comprises organisational analysis, method study and work measurement. Studies are being undertaken to suggest simplification of procedures. This may lead to the location of surplus capacities in staff which could be absorbed elsewhere, but such economy as may be brought out by this is only incidental. Work improvement and efficiency are the main concern of the O & M Division.

ശ്രീ. എം. നാരായണക്കുറുപ്പ്: ഈ സ്റ്റേറ്റിലും, ഇതരസ്റ്റേറ്റുകളിലും. കേന്ദ്രത്തിലും പ്രവർത്തിക്കുന്ന ഓ ആൻഡ് എം. ഡിവിഷനുകളുടെ പ്രവർത്തനം മൂലമുണ്ടായിട്ടുള്ള അനുഭവങ്ങളെപ്പറ്റി എപ്പോഴെങ്കിലും ഈ വിഭാഗത്തിൽ പെട്ടവർ എല്ലാംകൂടി ആലോചിച്ച് അഭിപ്രായ കൈമാറ്റം ചെയ്യാറുണ്ടോ, അതിന്റെ ഫലം നടപ്പിൽ വരുത്താൻ ശ്രമിച്ചിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെയൊരു കൂടിയാലോചന ഉണ്ടായിട്ടില്ല. എന്നാൽ, ഇപ്പോൾ ഈ വിഭാഗത്തിന്റെ ചാർജ്ജുവഹിക്കുന്ന ഉദ്യോഗസ്ഥൻ കേന്ദ്രത്തിൽ ഈ വിഭാഗത്തിൽ പ്രവർത്തനപരിചയം സിദ്ധിച്ചയാളാണ്. അതുകൊണ്ട് അതിന്റെ പ്രയോജനം അദ്ദേഹത്തിന്റെ പ്രവർത്തനംമൂലം കിട്ടും.

ശ്രീ. പി. വിശ്വംഭരൻ: ഈ വ്യയസങ്കോചനടപടിമൂലം ചെലവു കുറയ്ക്കാമെന്നു പറയുന്നു. മൊത്തം വരുമാനത്തിൽ എസ്റ്റാബ്ലിഷ്മെന്റിനു വേണ്ടിവരുന്ന ചെലവിന്റെ ശതമാനത്തിൽ എന്തെങ്കിലും കുറവുവരുത്താൻ ഇതുകൊണ്ട് സാധിക്കുമോ?

ശ്രീ. ആർ. ശങ്കർ: ചെലവിന്റെ ശതമാനം കുറയ്ക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല ഇതു നടത്തുന്നതു്. ഇന്നു് ആവശ്യത്തിലധികം എന്നു കാണുന്ന ചെലവുകളും എതെല്ലാമാണു്, അതു കുറയ്ക്കാമോ, ഉദ്യോഗങ്ങളും അധികമുള്ളതു് എങ്ങനെ കുറയ്ക്കും എന്നിങ്ങനെ ഒരു നിയന്ത്രണം പാലിക്കാനാണു്. പ്ലാൻ പ്രവർത്തനങ്ങൾ വേണ്ടവിധം നടത്താൻ പുതുതായി ഉദ്യോഗങ്ങൾ ഉണ്ടാക്കേണ്ടിവരികയാണെങ്കിൽ അതിനെ തടസ്സപ്പെടുത്തണമെന്നു വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ പ്രവർത്തനങ്ങൾ മുമ്പോട്ടുകൊണ്ടുപോകാൻ അതു് ആവശ്യമായിവരും.

ശ്രീ. ഈ. പി. ഗോപാലൻ: ഓ ആൻഡ് എം. വിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല, ഫലപ്രദമല്ല എന്നുള്ളതുകൊണ്ടാണു് ഈ പുതിയ ഏർപ്പാടെന്നു മനസ്സിലാക്കണമല്ലോ. ഇതു രണ്ടിന്റെയും പ്രവർത്തനത്തിലുള്ള വൈകൃത്യമെന്താണു്, വ്യത്യാസമെന്താണു്?

ശ്രീ. ആർ. ശങ്കർ: (ഡി) വിഭാഗത്തിന്റെ ഉത്തരമായി അതു പറഞ്ഞതാണു്. ഓർഗനൈസേഷൻ ആൻഡ് മെത്തേഡു ഡിവിഷന്റെ പ്രധാന ഉദ്ദേശം, ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു ഭരണസംവിധാനത്തിൽ എന്തെല്ലാം മാറ്റംവരുത്താമെന്നുള്ളതാണു് ഭരണപരമായ നടപടിക്രമങ്ങൾ എങ്ങനെ കാര്യക്ഷമമായി നടത്താൻ സാധിക്കുമെന്നുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയാണു് ആ ഡിവിഷന്റെ ജോലി. ജോലിയുടെ ഇംപ്രൂവ്മെന്റും, കാര്യക്ഷമതയുമാണു് ഓ. ആൻറ് എം. ഡിവിഷന്റെ പ്രധാനപ്രമേയം. എതെല്ലാം ഉദ്യോഗങ്ങൾ അധികമുണ്ട്, എങ്ങനെ ചെലവു ചുരുക്കാം, അധികമുള്ളവരെ മറ്റൊരിടത്തേയ്ക്കു നിയമിക്കാം എന്നിങ്ങനെയുള്ള പ്രമേയങ്ങൾ, എക്കാണമിയുണ്ടാക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly